"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് 2017-18 വർഷം ആരംഭിച്ച്, 2018-19 വർഷം സ്പിൽ ഓവറായി, പ്ലാൻ പദ്ധതിയിൽ ടി.എസ്.പി ഫണ്ട് ഉപയോഗിച്ച് കീഴ്പ്പള്ളി പി. എച്ച്. സി ക്ക് ആംബുലൻസ് വാങ്ങൽ എന്ന പദ്ധതി പ്രകാരം, സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ആംബുലൻസ് വാങ്ങിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1272/2024/LSGD    തീയതി,തിരുവനന്തപുരം, 11-07-2024

---

പരാമർശം:- 1. ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 07.02.2022 ലെ സി.641/21 നമ്പർ കത്ത്

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.02.2024 ലെ LSGD/PD/18116/2023-AM3 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് 2017-18 വർഷം ആരംഭിച്ച്, 2018-19 വർഷം സ്പിൽ ഓവറായി, പ്ലാൻ പദ്ധതിയിൽ ടി.എസ്.പി ഫണ്ട് ഉപയോഗിച്ച് കീഴ്പ്പള്ളി പി. എച്ച്. സി ക്ക് ആംബുലൻസ് വാങ്ങൽ എന്ന പദ്ധതി പ്രകാരം, സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ആംബുലൻസ് വാങ്ങിയ നടപടിയിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സവാദം ഉന്നയിക്കുകയുണ്ടായി. അതിനാൽ പ്രസ്തുത പദ്ധതിയ്ക്ക് സർക്കാർ സാധൂകരണം നൽ കണമെന്നാവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അപേക്ഷ ലഭ്യമാക്കുകയുണ്ടായി.

മലയോര മേഖലയായ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കോളനികളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തദ്ദേശവാസികൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുവാനും ജീവൻ രക്ഷപ്പെടുത്തുന്ന സാഹചര്യം ഒരുക്കുവാനും പ്രസ്തുത പദ്ധതിയിലൂടെ സാധിച്ചിട്ടുള്ളതായും, മാർക്കറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ ജെം പോർട്ടലിൽ നിന്നും വാഹനം ലഭ്യമാക്കിയതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ല എന്നും പട്ടിക വർഗ്ഗ മേഖലയിൽ വിദഗ്ധ ചികിത്സ ലഭ്യമാക്കുവാനും അതിലൂടെ ധാരാളം ജീവൻ രക്ഷിക്കുവാൻ സാധിച്ചു എന്നും ആകെ 66000 കിലോ മീറ്റർ ഓടിയിട്ടുള്ള ആംബുലൻസ് നിലവിലും പ്രവർത്തനക്ഷമവുമാണ് എന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാതല ഓഡിറ്റ് അവലോകന സമിതി പ്രസ്തുത പദ്ധതിയ്ക്ക് സാധൂകരണം നൽകുന്നതിന് ശിപാർശ ചെയ്തിട്ടുമുണ്ട്.

ഇക്കാര്യങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു. സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയില്ല എന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുള്ള വീഴ്ചയാണ് എന്നിരുന്നാലും ആംബുലൻസ് വാങ്ങിയത് വഴി, പട്ടിക വർഗ്ഗവിഭാഗത്തിന് വളരെയധികം പ്രയോജനം ലഭിച്ചു എന്നതും, ആംബുലൻസ് ഇപ്പോഴും പ്രവർത്തക്ഷമമാണ് എന്നത് പരിഗണിച്ചും, ആംബുലൻസ് വാങ്ങിയത് വഴി സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നത് പരിഗണിച്ചും കണ്ണൂർ

ജില്ലയിലെ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് 2017-18 വർഷം ആരംഭിച്ച്, 2018-19 വർഷം സ്പിൽ ഓവറായി, പ്ലാൻ പദ്ധതിയിൽ ടി.എസ്.പി ഫണ്ട് ഉപയോഗിച്ച് കീഴ്പ്പള്ളി പി. എച്ച്. സി ക്ക് ആംബുലൻസ് വാങ്ങൽ എന്ന പദ്ധതി പ്രകാരം, സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ആംബുലൻസ് വാങ്ങിയ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം

വെബ് &ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

സെക്ഷൻ ഓഫീസർ

Reji R S

Date: 12-07-2024 16:55:49